REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 11-12-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- ഏഴാമത് സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ മത്സരാർത്ഥികളുമായി പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് വീഡിയോ കോൺഫറൻസിംഗിലൂടെ സംവദിക്കും.
- പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ ഉച്ചയ്ക്ക് 12 വരെ നിർത്തിവച്ചു.
- ദേശീയ പഞ്ചായത്ത് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് സമ്മാനിക്കും.
- മുല്ലപ്പെരിയാർ വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ തമിഴ് നാട് മുഖ്യമന്ത്രി M.K സ്റ്റാലിനുമായി വൈകിട്ട് ചർച്ച നടത്തും.
- 31 തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിൽ UDF ന് മുൻതൂക്കം. 15 ഇടത്ത് UDF ഉം, 11 ഇടത്ത് LDF ഉം വിജയിച്ചു. NDA രണ്ടിടത്ത്.

## വാർത്തകൾ വിശദമായി

ഏഴാമത് സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ പരിപാടിയുടെ ഗ്രാൻഡ് ഫിനാലെയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി വൈകിട്ട് മത്സരാർത്ഥികളുമായി വീഡിയോ കോൺഫറൻസിങ് വഴി സംവദിക്കും. യുവ ജനതയെ പ്രോത്സാഹിപ്പിക്കുന്നതിന് ഊർജ്ജസ്വല ഫോറമായി സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ ഉയർന്നതായി പ്രധാനമന്ത്രി എക്സ് പോസ്റ്റിൽ പറഞ്ഞു.

കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ പരിപാടി വീഡിയോ കോൺഫറൻസിങ് വഴി ഉദ്ഘാടനം ചെയ്തു. ഗ്രാൻഡ് ഫിനാലെയിൽ 1300-ലധികം വിദ്യാർത്ഥി ടീമുകൾ പങ്കെടുക്കും.

കാഞ്ഞിരപ്പള്ളി അമൽ ജ്യോതി എഞ്ചിനീയറിങ് കോളേജിൽ നടക്കുന്ന ഹാക്കത്തോണിന്റെ ഉദ്ഘാടനം മന്ത്രി ഡോ. R ബിന്ദു നിർവഹിക്കും. കേരളത്തിൽ നിന്നും ഹാക്കത്തോണിനായി തിരഞ്ഞെടുത്ത ഏക വിദ്യാഭ്യാസ സ്ഥാപനമാണ് അമൽജ്യോതി.

✪✪✪

കവിയും സാമൂഹ്യ പരിഷ്കർത്താവും സ്വാതന്ത്ര്യ സമര സേനാനിയുമായ സുബ്രഹ്മണ്യ ഭാരതി എണ്ണമറ്റ ജനങ്ങളിൽ ദേശസ്നേഹത്തിന്റെയും വിപ്ലവത്തിന്റെയും ജ്വാല ഉയർത്തിയതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. സമത്വത്തെയും സ്ത്രീ ശാക്തീകരണത്തെയും കുറിച്ച് അദ്ദേഹത്തിന്റെ പുരോഗമന ആശയങ്ങൾ ഏറെ പ്രചോദനകരമാണെന്നും പ്രധാനമന്ത്രി ആദരാഞ്ജലി അർപ്പിച്ച് എക്സ് പോസ്റ്റിൽ കുറിച്ചു.

സുബ്രഹ്മണ്യ ഭാരതിയുടെ സമ്പൂർണ കൃതികളുടെ സമാഹാരം പ്രധാനമന്ത്രി ഇന്ന് ന്യൂഡൽഹിയിൽ അദ്ദേഹത്തിന്റെ വസതിയിൽ പ്രകാശനം ചെയ്യും. ഇന്ത്യൻ സംസ്കാരത്തിന്റെയും ആത്മീയ പൈതൃകത്തിന്റെയും സാരാംശം ജനങ്ങളിലെത്തിക്കുന്നതാണ് സുബ്രഹ്മണ്യ ഭാരതിയുടെ രചനകൾ.

✪✪✪

മുൻ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ ജന്മവാർഷികത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അദ്ദേഹത്തെ അനുസ്മരിച്ചു. ഇന്ത്യയുടെ വികസനത്തിന് പ്രണബ് നൽകിയ സംഭാവനകൾ ശ്രദ്ധേയമാണെന്നും അദ്ദേഹം മികച്ച ഭരണാധികാരിയായിരുന്നുവെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

ഭരണ- പ്രതിപക്ഷ MP മാർ തമ്മിലെ രൂക്ഷമായ വാക്പോരിനെ തുടർന്ന് രാജ്യസഭ ഉച്ചയ്ക്ക് 12 വരെ നിർത്തിവച്ചു. രാവിലെ സഭ സമ്മേളിച്ചപ്പോൾ വിവിധ വിഷയങ്ങളിൽ പ്രതിപക്ഷ MP മാർ നൽകിയ അടിയന്തര പ്രമേയ നോട്ടീസ് ചെയർമാൻ ജഗ്ദീപ് ധൻഖർ തള്ളി.

രാജ്യസഭാ ചെയർമാനെതിരെ പ്രതിപക്ഷം അവിശ്വാസ പ്രമേയത്തിന് നോട്ടീസ് നൽകിയതിനെ പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു

അപലപിച്ചു. ഇതിന് കോൺഗ്രസ് മാപ്പ് പറയണമെന്നും അധ്യക്ഷ സ്ഥാനത്തിന്റെ പ്രതിച്ഛായ തകർക്കാൻ നടത്തുന്ന എല്ലാ ശ്രമങ്ങളും ഗവണ്മെന്റ് പരാജയപ്പെടുത്തുമെന്നും റിജിജു പറഞ്ഞു.

✪✪✪

ദേശീയ പഞ്ചായത്ത് അവാർഡുകൾ രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിലെ വിജ്ഞാൻ ഭവനിൽ സമ്മാനിക്കും. താഴെത്തട്ടിലെ ഭരണ മികവും സാമൂഹ്യ വികസനവും മുൻനിർത്തി വിവിധ വിഭാഗങ്ങളിലായി 45 അവാർഡുകളാണ് ഇത്തവണ നൽകുന്നത്.

അവാർഡ് നേടിയ പഞ്ചായത്തുകളിലെ മികച്ച പ്രകടനം വിശദീകരിക്കുന്ന ലഘുപുസ്തകം ചടങ്ങിൽ കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ് പ്രകാശനം ചെയ്യും. കേരളം രണ്ട് പുരസ്കാരങ്ങളാണ് ഇത്തവണ നേടിയത്. മലപ്പുറം ജില്ലയിലെ പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തും, തൃശൂരിലെ കിലയുമാണ് ദേശീയ അംഗീകാരം ലഭിച്ചത്.

ദാരിദ്ര്യ മുക്തവും മെച്ചപ്പെട്ട ഉപജീവനവും ഉറപ്പാക്കുന്ന പദ്ധതികൾ നടപ്പിലാക്കിയതിന് ദീൻ ദയാൽ ഉപാദ്ധ്യായ് പഞ്ചായത്ത് സതത് വികാസ് പുരസ്കാരമാണ് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ദേശീയതലത്തിൽ രണ്ടാം സ്ഥാനമാണ് പഞ്ചായത്ത് സ്വന്തമാക്കിയത്. പഞ്ചായത്ത് ക്ഷമതാ നിർമ്മാൺ സർവ്വോത്തം സൻസ്ഥാൻ പുരസ്കാരമാണ് കില നേടിയത്.

✪✪✪

തമിഴ്നാട് മുഖ്യമന്ത്രി MK സ്റ്റാലിൻ കേരളത്തിലെത്തി. വൈക്കം സത്യാഗ്രഹ ശതാബ്ദിയുടെ സമാപന ആഘോഷത്തിൽ പങ്കെടുക്കുന്നതിനാണ് അദ്ദേഹം നെടുമ്പാശേരിയിൽ വിമാനമിറങ്ങിയത്. ഉച്ചകഴിഞ്ഞ് അദ്ദേഹം കുമരകത്തേക്ക് പോകും.

മുല്ലപ്പെരിയാർ വിഷയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ M.K സ്റ്റാലിനുമായി ഇന്ന് ചർച്ച നടത്തും. വൈകിട്ട് കുമരകത്താണ് ഇരു മുഖ്യ മന്ത്രിമാരുടെയും കൂടിക്കാഴ്ച.

✪✪✪

തന്തൈ പെരിയോർ E.V രാമസ്വാമി നായ്ക്കർ സ്മാരക ഉദ്ഘാടനവും വൈക്കം സത്യാഗ്രഹ ശതാബ്ദിയുടെ സമാപന ആഘോഷവും നാളെ വൈക്കത്ത് നടക്കും രാവിലെ പത്തിന് വൈക്കം കവലയിലെ തന്തൈ

പെരിയോർ സ്മാരകം തമിഴ്നാട് മുഖ്യമന്ത്രി M.K സ്റ്റാലിൻ ഉദ്ഘാടനം ചെയ്യും. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിക്കും.

✪✪✪

മുൻ കേന്ദ്ര വിദേശകാര്യയും കർണാടക മുൻ മുഖ്യമന്ത്രിയുമായിരുന്ന S M കൃഷ്ണയുടെ സംസ്കാരം ഔദ്യോഗിക ബഹുമതികളോടെ വൈകിട്ട് മാണ്ഡ്യയിൽ നടത്തും. ഭൗതികദേഹം അദ്ദേഹത്തിന്റെ ജന്മനാടായ മദ്ദൂരിലേക്ക് കൊണ്ടുപോയി.

ഇന്നലെ രാവിലെ ബെംഗളൂരുവിലായിരുന്നു 92 കാരനായ അദ്ദേഹത്തിന്റ അന്ത്യം.

✪✪✪

അടുത്ത വർഷം മുതൽ, സർവകലാശാലാ ബിരുദ പൊതു പ്രവേശന പരീക്ഷകളിൽ 12-ാം ക്ലാസിൽ പഠിച്ച വിഷയങ്ങൾ പരിഗണിക്കാതെ ഏത് വിഷയത്തിനും ഹാജരാകാൻ വിദ്യാർത്ഥികളെ അനുവദിക്കും. ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിമിതികൾ മറികടക്കാൻ ഇതുവഴി വിദ്യാർത്ഥികൾക്ക് സാധിക്കുമെന്ന് UGC ചെയർമാൻ M ജഗദേഷ് കുമാർ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

കേരളം കണ്ട ഏറ്റവും വലിയ ബോട്ടപകടത്തിന് 15 വർഷം പിന്നിടുമ്പോൾ കേസിന്റെ വിചാരണ നാളെ ആരംഭിക്കുന്നു. തേക്കടി ബോട്ടപകടത്തിന്റെ വിചാരണ തൊടുപുഴ ഫോർത്ത് അഡീഷണൽ സെഷൻസ് കോടതിയിലാണ്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണയുടെ റിപ്പോർട്ട്.

....(വോയ്സ്)......

✪✪✪

ഇന്നലെ നടന്ന തദ്ദേശ വാർഡുകളിലെ ഉപതിരഞ്ഞെടുപ്പിൽ UDF ന് മുൻതൂക്കം. 15 വാർഡുകൾ UDF നേടിയപ്പോൾ, LDF ന് 11

വാർഡുകളാണ് ലഭിച്ചത്. NDA രണ്ടിടത്ത് വിജയിച്ചു. ഒരിടത്ത് സ്വതന്ത്ര സ്ഥാനാർത്ഥിക്കാണ് വിജയം.

മഞ്ചേരി- കരുവമ്പ്രം, കാരശ്ശേരി, ആനയാം കുന്ന് വെസ്റ്റ്, തൃക്കലങ്ങോട്- മാരത്താണി, തച്ചൻപാറ, കോഴിയോട്, ചാലിശ്ശേരി മെയിൻ-റോഡ്, നാട്ടിക ഗോഖലെ വാർഡുകളിൽ ഉൾപ്പെടെയാണ് UDF ന്റെ വിജയം.

LDF കണിച്ചാർ ചെങ്ങോമിലും, മാടായിയിലും, ആലങ്കോട്- പെരിമുക്ക്, കൊടുവായൂർ- കോലോട് അടക്കം പതിനൊന്നിടത്ത് വിജയിച്ചു.

എഴുമറ്റൂർ ഇരുമ്പുകുഴി, വെള്ളറട കരിക്കമൻകോട് എന്നിവിടങ്ങളിലാണ് NDA യുടെ വിജയം.

✪✪✪

സംരംഭകവർഷം പദ്ധതിയുടെ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി വ്യവസായ വകുപ്പ് സംസ്ഥാനത്ത് സംരംഭക സഭകൾ സംഘടിപ്പിക്കും. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം വൈകിട്ട് കാട്ടാക്കടയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. ജില്ലാ മണ്ഡലതല ഉദ്ഘാടനങ്ങളും സംഘടിപ്പിക്കും.

സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും ശരാശരി 250ൽപരം സംരംഭങ്ങൾ സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുണ്ട്.

✪✪✪

വയനാട് പുനരധിവാസത്തിന്റെ ഭാഗമായി കർണാടക നിർമ്മിച്ചു നൽകാമെന്നേറ്റ നൂറ് വീടുകളുടെ കാര്യത്തിൽ മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്ക് ഉടൻ കത്തയക്കുമെന്ന് മന്ത്രി K രാജൻ അറിയിച്ചു. പുനരധിവാസ വിഷയം കോടതിയുടെ പരിഗണനയിലായതു കൊണ്ടാണ് കാലതാമസ മുണ്ടായതെന്നും മന്ത്രി പറഞ്ഞു.

✪✪✪

മുഖ്യമന്ത്രിയുടെ നാട്ടിൽ മറ്റു പാർട്ടിക്കാർക്ക് പ്രവർത്തിക്കാൻ അവകാശം നൽകുന്നില്ലെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ കുറ്റപ്പെടുത്തി. ഇതിന്റെ ഭാഗമായാണ് പിണറായി കനാൽക്കരയിൽ കോൺഗ്രസ് മന്ദിരം ഉദ്ഘാടനം ചെയ്യുന്ന ദിവസം തകർത്തത്. പാർട്ടി ഇതു ഗൗരവകരമായാണ് കാണുന്നതെന്നും അദ്ദേഹം പറഞ്ഞു. പിണറായി കോഴൂർ കനാൽക്കരയിലെ പ്രിയദർശിനി മന്ദിരം

സന്ദർശിച്ചതിനു ശേഷം മാധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാടായി കോളേജിലെ നിയമനവിവാദം പ്രാദേശിക പ്രശ്നം മാത്രമാണെന്ന് V.D സതീശൻ പറഞ്ഞു. ഇതു സംബന്ധിച്ചു M.K രാഘവൻ M.P തന്നോട് സംസാരിച്ചിരുന്നു. ഇന്ന് രാവിലെ പയ്യാമ്പലം ഗസ്റ്റ് ഹൗസിൽ കോൺഗ്രസ് നേതാക്കളുമായി കൂടിക്കാഴ്ച്ച നടത്തിയിരുന്നു. ഈ വിഷയം ഉടൻ KPCC പരിഹരിക്കുമെന്നും സതീശൻ പറഞ്ഞു.

✪✪✪

വടകര താലൂക്ക് തല 'കരുതലും കൈത്താങ്ങും' പരാതി പരിഹാര അദാലത്തിൽ പരിഗണിച്ച 520 പരാതികളിൽ 146 പരാതികൾ ഉദ്യോഗസ്ഥ തലത്തിൽ തീർപ്പാക്കി. ഉദ്യോഗസ്ഥ തലത്തിൽ പരിഹാരം ആവാതിരുന്ന 100 പരാതികൾ മന്ത്രിമാരായ PA മുഹമ്മദ് റിയാസ്, AK ശശീന്ദ്രൻ എന്നിവരുടെ നേതൃത്വത്തിലും പരിഹരിച്ചു.

✪✪✪

കണ്ണൂർ സർവകലാശാലാ സാഹിത്യോത്സവത്തിന്റെ രണ്ടാം പതിപ്പിന് തുടക്കമായി. കണ്ണൂർ താവക്കര കാമ്പസിലാണ് സാഹിത്യോത്സവം നടത്തുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

....(വോയ്സ്)..........

✪✪✪

ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ഉച്ചകഴിഞ്ഞ് 13-ാം ഗെയിം ആരംഭിക്കുമ്പോൾ പോരാട്ടം ആവേശകരമായ അന്ത്യത്തിലേക്ക്. ശേഷിക്കുന്ന രണ്ട് ഗെയിമുകളായിരിക്കും ലോകചാമ്പ്യനെ നിർണയിക്കുന്നത്.

ഗെയിമിൽ നിലവിലെ ചാമ്പ്യൻ ചൈനയുടെ ഡിങ് ലിറനും ഇന്ത്യയുടെ D. ഗുകേഷും മത്സരിക്കുമ്പോൾ ചെസ് പ്രേമികളുടെ ലോകം ആ ചെസ് ബോർഡിലേക്ക് ഒതുങ്ങും. നിലവിൽ ഇരുവരും ആറു പോയിന്റു വീതം നേടി സമനിലയിലാണ്.

ഇന്ത്യൻ സമയം ഉച്ച കഴിഞ്ഞ് 2.30 നാണ് മത്സരം ആരംഭിക്കുന്നത്.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ വനിതാ ക്രിക്കറ്റ് ഏകദിന പരമ്പരയിലെ മൂന്നാമത്തെയും അവസാനത്തെയും മത്സരം ഓസ്ട്രേലിയിലെ പെർത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇന്ത്യ ഓസ്ട്രേലിയയെ ബാറ്റിംഗിന് അയച്ചു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഓസ്ട്രേലിയ 30.3 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 150 റൺസെടുത്തിട്ടുണ്ട്.

മൂന്ന് മത്സര പരമ്പരയിൽ രണ്ട് മത്സരങ്ങൾ വിജയിച്ച ഓസ്ട്രേലിയ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

✪✪✪

സ്വർണ്ണവിലയിൽ ഇന്നും വർധന. ഗ്രാമിന് 80 രൂപ കൂടി 7,285 രൂപയും പവന് 640 രൂപ കൂടി 58,280 രൂപയുമാണ് ഇന്നത്തെ വില.

✪✪✪